തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

ആരാധനാലയങ്ങളുടേയും സ്കൂളുകളുടേയും പരിസരത്ത് മദ്യശാലകൾ അനുവദിക്കാറില്ല. നിയമവിരുദ്ധമായി മദ്യശാലകൾ പ്രവർത്തിക്കുന്നതു ശ്രദ്ധയിൽപ്പെടുമ്പോൾ അവ അവിടെനിന്നും നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഫാമുകളിലേയും സ്ഥാപനങ്ങളിലേയും തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളുടെ പരിഷ്കരണം

* 95. [96] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനത്തെ കൃഷി, മണ്ണുസംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിലേയും സ്ഥാപനങ്ങളിലേയും തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നിശ്ചയിച്ച കമ്മറിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുവോ ;

(ബി) എങ്കിൽ റിപ്പോർട്ട് സർക്കാരിന് എന്ന് സമർപ്പിച്ചു ;

(സി) കമ്മറിയുടെ ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റിപ്പോർട്ട് ഗവൺമെൻറ് പരിശോധിച്ചു കഴിഞ്ഞുവോ ;

(ഇ) അതിലെ എന്തെല്ലാം ശുപാർശകളാണ് സർക്കാർ അംഗീകരിച്ചത് ;

(എഫ്) റിപ്പോർട്ടിലെ ശുപാർശകൾ എന്നു മുതൽ നടപ്പിൽ വരുത്താൻ കഴിയും ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ലഭിച്ചു.

(ബി) 18-10-1985-ന് റിപ്പോർട്ട് സർക്കാരിന് ലഭിച്ചു.

(സി, ഡി, ഇ, എഫ്) റിപ്പോർട്ട് ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുന്നതേയുള്ളൂ.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർ

303. [379] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിലവിലുള്ള തൊഴിൽരഹിതരുടെ എണ്ണം എത്ര ;

(ബി) അവരിൽ 1985-86-ൽ തൊഴിലില്ലായ്മാ വേതനം ലഭിച്ചവരെത്ര ;

(സി) 1986-87-ൽ തൊഴിലില്ലായ്മ വേതനത്തിന് അർഹരായവരെത്ര ;

(ഡി) കഴിഞ്ഞവർഷം തൊഴിലില്ലായ്മാ വേതനം വിതരണം ചെയ്തതിൽ ആകെ ചെലവായ സംഖ്യ എത്ര ?

ഉത്തരം

(എ) 1986 ജൂലൈ 31 വരെ രജിസ്റ്റർ ചെയ്തവർ 26,65,339.

(ബി) 1,79,146 പേർ.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1986-87-ൽ ലഭിച്ച അപേക്ഷകളിൻമേലുള്ള അർഹത പരിശോധിച്ചുകൊണ്ടിരിക്കുന്നു. നടപടി പൂർത്തിയായ 2020 പുതിയ അപേക്ഷകളിൻമേൽ മാത്രമേ പരിശോധനാ നടപടികൾ പൂർത്തിയായിട്ടുള്ളു. ഇവരും മുൻ വർഷങ്ങളിൽ അപേക്ഷിച്ച് തുടർന്നും അർഹത നേടിയവരുൾപ്പെടെ 2,08,977 പേർക്ക് ഈ വർഷം വേതനം അനുവദിച്ചിട്ടുണ്ട്.

(ഡി) 1985-86-ൽ തൊഴിലില്ലായ്മാ വേതനവിതരണത്തിനു മാത്രമായി 10, 12, 08, 100 രൂപ ചെലവായി.

തൊഴിലില്ലായ്മ വേതനം

304. [380] ശ്രീ. പി. സീതിഹാജി :
,, എ.കെ. പത്മനാഭൻ :
,, എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ആകെ എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി ;

(ബി) ഓരോ വർഷവും തൊഴിലില്ലായ്മാ വേതനം ലഭിച്ചവരുടെ എണ്ണം എത്ര ;

(സി) അതിനുവേണ്ടി എത്ര തുക ചെലവഴിച്ചു ;

(ഡി) ഓരോ വർഷവും നൽകിയ തുക എത്ര ;

(ഇ) ഈ വർഷം തൊഴിലില്ലായ്മാ വേതനത്തിന് എത്ര അപേക്ഷകൾ ലഭിച്ചു ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 2,08,977 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്.

(ബി) ഓരോ വർഷവും വേതനം ലഭിച്ചവരുടെ എണ്ണം താഴെ കൊടുക്കുന്നു :

1982-83—44011
1983-84—98261
1984-85—136479
1985-86—179146
1986-87—208977

(സി) 1982 മുതൽ 1986 സെപ്തംബർ വരെ 31, 37, 45, 148 രൂപ ചെലവായിട്ടുണ്ട്.

(ഡി) ഓരോ വർഷവും ചെലവഴിച്ച തുകയുടെ കണക്ക് താഴെ കൊടുക്കുന്നു.

1982-83—80,22,675.00
1983-84—6,49,79,846.00
1984-85—7,68,52,922.00
1985-86—10,12,08,100.00
1986-87—6,26,81,605.00
(30.9 വരെ)

(ഇ) 1986-87-ൽ തൊഴിലില്ലായ്മ വേതനത്തിന് 1,13,809 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly